ഭാരതീയ കാവ്യങ്ങളിലെ വക്രോക്തിയും ഉദാത്തതയും

1 ജൂലൈ 2022

വില ₹ 25

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## നിർമിതബുദ്ധി

## വിജ്ഞാനാർജിത അൽഗോരിതങ്ങൾ

## ഊർജ കാര്യക്ഷമതയും ഭാവിയിലേക്കായുള്ള അക്ഷയ ഊർജവും



# കേരളത്തിന്റെ വികസന സ്ത്രീപക്ഷ വായന

ഡോ. മല്ലിക എം.ജി.

മാനവ വികസന സൂചികയിൽ ലോകത്തെ വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുന്ന ഒരു സംസ്ഥാനമായ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നത് ഏതെങ്കിലും ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അല്ല. 2020-21 കണക്ക് പ്രകാരം ഒരു ശരാശരി മലയാളിയുടെ ആളോഹരിവരുമാനം 1,46,910 രൂപ ആയിരിക്കുമ്പോൾ ഇന്ത്യൻ ശരാശരി 99,694 രൂപമാത്രമാണ് (Economic Review 2021). അതായത് ഒരു ശരാശരി ഇന്ത്യക്കാരന്റെ വരുമാനത്തെക്കാൾ 1.5 മടങ്ങ് കൂടുതലാണ് ഒരു ശരാശരി മലയാളിയുടെ വരുമാനം. ജനസംഖ്യ വർധനവിന്റെ കാര്യത്തിൽ, സ്ത്രീ സാക്ഷരതയുടെ കാര്യത്തിൽ, ലിംഗാനുപാതത്തിന്റെ കാര്യത്തിലെല്ലാം നമ്മൾ ഏറെ മുന്നിലാണ്. ദാരിദ്ര്യത്തിന്റെ കാര്യമെടുത്താൽ രംഗരാജൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം 2011- 12 ൽ ഇന്ത്യയിൽ 29.5 ശതമാനം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ആയിരിക്കുമ്പോൾ കേരളത്തിൽ ഇത് 11.3 ശതമാനം മാത്രമാണ്. മാനവവികസന സൂചികയിലാണെങ്കിലും ലിംഗപദവി വികസന സൂചികയിലാണെങ്കിലും കേരളം മുന്നിട്ടുനിൽക്കുന്നു. എന്നാൽ ഇരുപതു വർഷത്തിലേറെയായി സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടും കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് കാര്യമായരീതിയിൽ ഉയർന്നതായി കാണുന്നില്ല. ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നവരുടെ എണ്ണത്തിൽ പുരുഷന്മാരെ പിറകിലാക്കി ഏറെ മുന്നോട്ടുപോയിട്ടും സ്ത്രീകളുടെ വേതനനിരക്ക് പുരുഷന്മാരിൽനിന്നും ഏറെ വ്യത്യാസപ്പെട്ടിരിക്കുന്നു. 2019 ഏപ്രിൽ ജൂൺ മാസത്തിലെ (Periodic Labour force Survey Report 2019-20) പ്രകാരം സ്വയംതൊഴിലിൽ ഏർപ്പെടുന്ന ഒരു ശരാശരി ഇന്ത്യൻ സ്ത്രീയുടെ വേതനം

ജനസംഖ്യ വർധനവിന്റെ കാര്യത്തിൽ, സ്ത്രീ സാക്ഷരതയുടെ കാര്യത്തിൽ, ലിംഗാനുപാതത്തിന്റെ കാര്യത്തിലെല്ലാം നമ്മൾ ഏറെ മുന്നിലാണ്.

> ഒരു സമൂഹം വികസിക്കുമ്പോൾ സമൂഹത്തിലെ നിയമനിർവഹണ സ്ഥാപനങ്ങളായ പൊലീസ്, നീതിന്യായ വ്യവസ്ഥ എന്നിവയൊക്കെ കാലോചിതമായി നവീകരിക്കപ്പെടുകയും അക്രമങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിൽ ഉയർച്ച കാണിക്കുകയും ചെയ്യും എന്നത് സ്വാഭാവികം.

പുരുഷന്റെ വേതനത്തിന്റെ 66.01 ശതമാനമാകമ്പോൾ അത് കേരളത്തിൽ 53.86 ശതമാനം മാത്രമാണ് എന്നത് യാദൃച്ഛികതയായി കാണാൻ കഴിയില്ല. വിദ്യാസമ്പന്നരായ വ്യക്തികൾ കൂടുതലായി ഏർപ്പെടുന്ന ജോലി എന്ന നിലയിൽ സ്ഥിര വരുമാനത്തിൽ ഏർപ്പെടുന്ന സ്ത്രീ പുരുഷന്മാർ തമ്മിലുള്ള വേതന വ്യത്യാസം കേരളത്തിൽ സ്വാഭാവികമായും കുറവ് ആയിരിക്കേണ്ടതാണ്. എന്നാൽ സ്ഥിരജോലിയിൽ ഏർപ്പെടുന്ന ഒരു ശരാശരി ഇന്ത്യൻ സ്ത്രീക്ക് ലഭിക്കുന്നത് പുരുഷവേതനത്തിന്റെ 74.88% ആകമ്പോൾ കേരളത്തിലിത് 72.24 ശതമാനം മാത്രമാണ്. കൂലിപ്പണിയിൽ ഏർപ്പെടുന്ന ശരാശരി ഇന്ത്യൻ സ്ത്രീ, പുരുഷ വേതനത്തിന്റെ 45.68 ശതമാനം പറ്റമ്പോൾ കേരളത്തിലിത് 40.09 ശതമാനം മാത്രമാണ് (Periodic Labour force Survey Report ഉപയോഗിച്ച് കണക്കുകൂട്ടിയത്. അതായത് കേരളത്തിലെ ശക്തമായ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് 20 വർഷങ്ങൾ കഴിഞ്ഞിട്ടും സേവന വേതനവ്യവസ്ഥയിൽ ഉള്ള ലിംഗവ്യത്യാസത്തെ കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്ന് മാത്രമല്ല സ്ഥിതി കൂടുതൽ വഷളാക്കാനാണ് കഴിഞ്ഞത് എന്ന് പറയേണ്ടിവരും.

രാഷ്ട്രീയാധികാരത്തിന്റെ കാര്യമെടുത്താൽ പ്രാദേശിക ഭരണസംവിധാനങ്ങളിലൊഴികെ അധികാര സ്ഥാനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉയരുന്നേയില്ല. ഈ പശ്ചാത്തലത്തിലാണ് എന്തുകൊണ്ടാണ് കേരളത്തിൽ ഈ വൈരുധ്യം നിലനിൽക്കുന്നത് എന്ന അന്വേഷണം പ്രസക്തമാവുന്നത്.

## കേരളം സ്ത്രീ സൗഹൃദമോ?

രണ്ട് ദശാബ്ദക്കാലത്തോളം നടത്തിയ സ്ത്രീശാക്തീകരണപ്രവർത്തനങ്ങളെയും മുതൽ മുടക്കുകളെയും വിമർശനാത്മകമായി വിലയിരുത്തേണ്ട ഒരു ഘട്ടത്തിലാണ് ഇന്ന് കേരളം എത്തിനിൽക്കുന്നത്. സ്ത്രീ വിദ്യാഭ്യാസത്തിലും മാനവവികസന സൂചികയിലും മുൻപന്തിയിൽ നിന്നിട്ടും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾക്കു മുന്നിൽ നമ്മൾ എന്തുകൊണ്ട് നിസ്സഹായരായി പോകുന്നു എന്നത് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. സർക്കാരുകൾ സ്ത്രീകൾക്കായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടെങ്കിലും അവയുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ യഥാർഥ വികസന പ്രതിസന്ധികൾ തിരിച്ചറിയേണ്ടതും വിമർശനാത്മകമായി വിലയിരുത്തേണ്ടതും അത്യാവശ്യമായി വരുന്നു. ഇതിന്റെ ഭാഗമായി സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളുടെ സ്വഭാവത്തെയും അതിന്റെ നിരക്കിനെക്കുറിച്ചും കൃത്യമായ വിശകലനം ആവശ്യമായിവരുന്നു.

ഒരു സമൂഹം വികസിക്കുമ്പോൾ സമൂഹത്തിലെ നിയമനിർവഹണ സ്ഥാപനങ്ങളായ പൊലീസ്, നീതിന്യായവ്യവസ്ഥ എന്നിവയൊക്കെ കാലോചിതമായി നവീകരിക്കപ്പെടുകയും അക്രമങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിൽ ഉയർച്ച കാണിക്കുകയും ചെയ്യും എന്നത് സ്വാഭാവികം. അതിനാൽത്തന്നെ സമൂഹത്തിന്റെ വികാസവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണവും പോസിറ്റീവായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു (Soares, 2014). സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളായ സ്ത്രീധനമരണം, ഭർത്താവിന്റേയും വീട്ടുകാരുടേയും ഭാഗത്തുനിന്നുള്ള പീഡനം എന്നിവ മാനവ വികസന സൂചികയിൽ ഉയർച്ചയുണ്ടാവുമ്പോൾ സ്വാഭാവികമായും കുറയേണ്ടതാണ്. എന്നാൽ ബലാത്സംഗം, കുട്ടികളെ ലൈംഗിക പീഡനത്തിനിരയാക്കൽ എന്നിങ്ങനെ സാംസ്കാരികമായി ഒളിപ്പിച്ചുവയ്ക്കുന്ന കുറ്റകൃത്യങ്ങൾ പുറത്തുപറയാൻ തുടങ്ങുന്നു എന്നതിനാൽ ഇത്തരം കുറ്റങ്ങൾ വികസന സൂചികയുമായി പോസിറ്റീവായി ബന്ധപ്പെടുന്നു എന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു (Gupta, Sahoo,Paltasingh, 2021). ഇതിനുകാരണം ഇത്തരം കുറ്റകൃത്യങ്ങൾ കൂടിവരാനുള്ള പ്രവണത സാമൂഹികവികാസത്തിന്റെ ഭാഗമായി കുറയുന്നു എന്നതിനാലാണ്. ഉയർന്നു വരുന്ന പോക്സോ കേസുകൾ, മീറ്റു ആരോപണങ്ങൾ എന്നിവ മുമ്പ് നടക്കാതിരുന്നതുകൊണ്ടല്ല ഇപ്പോഴാണ് അവ പുറത്തുവരാൻ തുടങ്ങിയത് എന്നതിനാൽ നമ്മുടെ ഒരു വികസന സൂചികയായി കണക്കാക്കാവുന്നതാണ്. വികസനത്തിന്റെ ഭാഗമായി കുറയേണ്ട ഭർത്താവിന്റെയും വീട്ടുകാരുടെയും പീഡനങ്ങൾ കുറയുന്നില്ല എന്ന് മാത്രമല്ല, കേരളപോലീസ് നൽകിയ ഔപചാരിക കണക്കുകൂട്ടലുകൾ പ്രകാരം 2016-ൽ 20.02 ശതമാനമായ ഈ അക്രമം 2020-21 ൽ 30.55 ശതമാനമായി ഉയർന്നു എന്നതാണ്. പട്ടിക 1 കൊടുത്തിരിക്കുന്ന പ്രകാരം കേരളത്തിലെ സ്ത്രീകൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ കഴിഞ്ഞ 10 വർഷമായി ഇന്ത്യൻ ശരാശരിവച്ചു കുറഞ്ഞുവരുന്നതായാണ് കാണിക്കുന്നത്. 2010-ൽ 4.4 ശതമാനം ആയിരുന്നത് 2020 ൽ 2.72 ആയി കുറഞ്ഞിരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ജനസംഖ്യാനുപാതികമായി നോക്കിയാൽ കേരളം ഇക്കാര്യത്തിൽ ഇന്ത്യൻ ശരാശരിയിൽ നിന്ന് ഉയർന്നു നിൽക്കുന്നില്ലെന്ന് പറയാമെങ്കിലും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും സാമ്പത്തികപരമായും ഉയർന്നതലത്തിൽ നിൽക്കുന്ന ഒരു സംസ്ഥാനമായ കേരളത്തിൽ നമ്മൾ പ്രതീക്ഷിക്കുന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് കാണാം. അതായത് ഒരു വികസിത സമൂഹത്തിൽ സ്വാഭാവികമായി കാണുന്ന കേസുകളുടെ റിപ്പോർട്ടിങ്ങിന്റെ ഉയർച്ച പരിഗണിക്കുമ്പോൾ കേരളത്തിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ ഇന്ത്യൻ ശരാശരിവച്ച് കൂടുതലാണെന്ന് പറയാൻ കഴിയില്ല. എന്നാൽ ഘടനാപരമായി നോക്കുമ്പോൾ ഭർത്താവിന്റെയും വീട്ടുകാരുടെയും പീഡനം പോലുള്ള കുറ്റകൃത്യങ്ങൾ ഒരു വികസിത സമൂഹത്തിൽ കുറഞ്ഞുവരേണ്ടതിനു പകരം അവ കൂടിവരുന്നു എന്നത് ഗൗരവപൂർവം കാണേണ്ടതുണ്ട്



പട്ടിക :1
സ്ത്രീകൾക്കെതിരെ ഇന്ത്യയിൽ നടക്കുന്ന
ക്രമങ്ങളിൽ കേരളത്തിന്റെ

| വർഷം | ശതമാനം |
|---|---|
| 2010 | 4.4 |
| 2011 | 4.9 |
| 2012 | 4.47 |
| 2013 | 3.62 |
| 2014 | 3.4 |
| 2015 | 3 |
| 2016 | 3 |
| 2017 | 3.1 |
| 2018 | 2.7 |
| 2019 | 2.82 |
| 2020 | 2.72 |

*ഉറവിടം: national crime record bureau various issu*

വിദ്യാസമ്പന്നരായ പെൺകുട്ടികൾ ഭർത
ന്റെ വീട്ടുകാരുടെ അക്രമം സഹിച്ചു ജീവിക
വരുന്നത് എന്തുകൊണ്ടെന്നത് ചിന്തിക്കേണ്ട
തയാണ്. അതും സ്ത്രീ ശാക്തീകരണപ്രവർത്ത
ളും പങ്കാളിത്തഭരണവും നടപ്പിലാക്കുന്നതിൽ
പന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനത
ഇതിനെക്കുറിച്ചു കൂടുതൽ വിശകലനം ചെയ്യ
ന് മുമ്പ് നമ്മുടെ സമൂഹത്തിന്റെ മാനസികാ
ത്തിന്റെ അവസ്ഥ ഒന്ന് പരിശോധിക്കുന്നത
തായിരിക്കും.

## കേരളവും മാനസികാരോഗ്യവും

2002-ൽ കേരളത്തിലെ ഒരു ലക്ഷം പുരു
രിൽ 282 പേരും സ്ത്രീകളിൽ 263 പേരുമാണ്
സികരോഗികൾ ഉണ്ടായിരുന്നതെങ്കിൽ 20
അത് 400 ആയി ഉയർന്നു എന്നത് ഗൗരവ
കാണേണ്ടതാണ് (പട്ടിക 2). എന്നാൽ ഇ
ശരാശരി 122 (പുരുഷൻ) ൽ നിന്നും 100 ആ
റയുകയും സ്ത്രീകളിൽ 86-ൽ നിന്ന് 100 ആയി
കയും ചെയ്തു. എന്നുവച്ചാൽ കേരളത്തിന്റെ മ
കാരോഗ്യ അവസ്ഥ ഇന്ത്യൻ ശരാശരിയേ
നാലു മടങ്ങ് മോശമായി എന്ന് കാണാം. ബു
ന്ദ്യം സംഭവിച്ച വ്യക്തികളുടെ കണക്കെടുര
അതിലും കേരളം ഇന്ത്യൻ ശരാശരിയെക്കാൾ
മുകളിലാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട
ബുദ്ധിമാന്ദ്യത്തിന്റെ കാര്യത്തിൽ പുരുഷന്മ
എണ്ണം സ്ത്രീകളെക്കാൾ കൂടുതലാണ് എന്ന
പട്ടിക. (Jaison Joseph, D. Hari Sank
Devaki Nambiar; 2021 )

ഇത് കാണിക്കുന്നത് കേരളത്തിന്റെ മ
കാരോഗ്യ അവസ്ഥ കഴിഞ്ഞ കുറച്ചു വർഷങ
മോശമായിവരുന്നു എന്നാണ്. മാത്രവുമ

പട്ടിക :1
സ്ത്രീകൾക്കെതിരെ ഇന്ത്യയിൽ നടക്കുന്ന അതിക്രമങ്ങളിൽ കേരളത്തിന്റെ പങ്ക്.

| വർഷം | ശതമാനം |
|---|---|
| 2010 | 4.4 |
| 2011 | 4.9 |
| 2012 | 4.47 |
| 2013 | 3.62 |
| 2014 | 3.4 |
| 2015 | 3 |
| 2016 | 3 |
| 2017 | 3.1 |
| 2018 | 2.7 |
| 2019 | 2.82 |
| 2020 | 2.72 |

*ഉറവിടം: national crime record bureau various issues*

വിദ്യാസമ്പന്നരായ പെൺകുട്ടികൾ ഭർത്താവിന്റെ വീട്ടുകാരുടെ അക്രമം സഹിച്ച് ജീവിക്കേണ്ടി വരുന്നത് എന്തുകൊണ്ടെന്നത് ചിന്തിക്കേണ്ട വസ്തുതയാണ്. അതും സ്ത്രീ ശാക്തീകരണപ്രവർത്തനങ്ങളും പങ്കാളിത്തഭരണവും നടപ്പിലാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനത്തിൽ. ഇതിനെക്കുറിച്ച് കൂടുതൽ വിശകലനം ചെയ്യുന്നതിന് മുമ്പ് നമ്മുടെ സമൂഹത്തിന്റെ മാനസികാരോഗ്യത്തിന്റെ അവസ്ഥ ഒന്ന് പരിശോധിക്കുന്നത് നല്ലതായിരിക്കും.

## കേരളവും മാനസികാരോഗ്യവും

2002-ൽ കേരളത്തിലെ ഒരു ലക്ഷം പുരുഷന്മാരിൽ 282 പേരും സ്ത്രീകളിൽ 263 പേരുമാണ് മാനസികരോഗികൾ ഉണ്ടായിരുന്നതെങ്കിൽ 2018-ൽ അത് 400 ആയി ഉയർന്നു എന്നത് ഗൗരവത്തിൽ കാണേണ്ടതാണ് (പട്ടിക 2). എന്നാൽ ഇന്ത്യൻ ശരാശരി 122 (പുരുഷൻ) ൽ നിന്നും 100 ആയി കുറയുകയും സ്ത്രീകളിൽ 86-ൽ നിന്ന് 100 ആയി ഉയരുകയും ചെയ്തു. എന്നുവച്ചാൽ കേരളത്തിന്റെ മാനസികാരോഗ്യ അവസ്ഥ ഇന്ത്യൻ ശരാശരിയേക്കാൾ നാലു മടങ്ങ് മോശമായി എന്ന് കാണാം. ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ കണക്കെടുത്താൽ അതിലും കേരളം ഇന്ത്യൻ ശരാശരിയെക്കാൾ ഏറെ മുകളിലാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ബുദ്ധിമാന്ദ്യത്തിന്റെ കാര്യത്തിൽ പുരുഷന്മാരുടെ എണ്ണം സ്ത്രീകളെക്കാൾ കൂടുതലാണ് എന്നതാണ്. പട്ടിക. (Jaison Joseph, D. Hari Sankar & Devaki Nambiar; 2021 )

ഇത് കാണിക്കുന്നത് കേരളത്തിന്റെ മാനസികാരോഗ്യ അവസ്ഥ കഴിഞ്ഞ കുറച്ച് വർഷങ്ങളായി മോശമായിവരുന്നു എന്നാണ്. മാത്രവുമല്ല ഈ രോഗാവസ്ഥയ്ക്ക് പരിഹാരം കാണാൻ ആവശ്യമായ ആരോഗ്യപ്രവർത്തകരുടെ എണ്ണം വളരെ കുറവാണ് (പട്ടിക: 4).

പട്ടിക 2
ഒരു ലക്ഷം ആളുകളിൽ

| വർഷം | കേരളം | | ഇന്ത്യ | |
|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 2002 | 282 | 263 | 122 | 86 |
| 2011 | 205 | 185 | 67 | 52 |
| 2018 | 400 | 400 | 100 | 100 |

*ഉറവിടം : Joseph, Sankar and Nambiar; 2021*

പട്ടിക: 3
ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ/ ലക്ഷം ആളുകളിൽ

| year | കേരളം | | ഇന്ത്യ | |
|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 2002 | 234 | 160 | 115 | 72 |
| 2011 | 215 | 168 | 140 | 108 |
| 2018 | 400 | 300 | 200 | 200 |


*ഉറവിടം: Joseph, Sankar and Nambiar; 2021*

പട്ടിക : 4 മനോരോഗ ചികിത്സയിൽ വൈദഗ്ധ്യം നേടിയവരുടെ കണക്ക് കേരളത്തിൽ

| വർഷം | എണ്ണം | ലഭ്യത /10,000 ആളുകളിൽ | ആവശ്യകത /10,000 ആളുകൾക്ക് |
|---|---|---|---|
| മനോരോഗ വിദഗ്ദർ | 400 | 0.12 | 3 |
| മനശ്ശാസ്ത്ര വിദഗ്ദർ | 211 | 0.06 | 3 |
| മനോരോഗവൈദഗ്ദ്യം നേടിയ നഴ്സമാർ | 0 | 0 | 3 |

*ഉറവിടം: Joseph, Sankar and Nambiar; 2021*

മാനസികാരോഗ്യം അളക്കാനുള്ള മറ്റൊരു പ്രധാന അളവുകോലാണ് ആത്മഹത്യാനിരക്ക്. ഒരു ലക്ഷം ജനസംഖ്യയിൽ ഇന്ത്യൻ ശരാശരി ആത്മഹത്യാനിരക്ക് 11.5 ആവുമ്പോൾ കേരളത്തിലത് 24 ആണ് എന്നത് നമ്മൾ ഗൗരവത്തോടെ കാണേണ്ടതാണ്. ലോകത്തുതന്നെ ഏറ്റവും കൂടുതൽ ആത്മഹത്യകൾ ചെയ്യുന്നത് അല്ലെങ്കിൽ ആത്മഹത്യാശ്രമത്തിൽ വിജയിക്കുന്നത് പുരുഷന്മാരാണെന്ന് കാണാം. ഇന്ത്യയിലും അവസ്ഥ വ്യത്യസ്തമല്ല. 2020 ലെ ക്രൈം റെക്കോർഡ് ബ്യൂറോ കണക്കുകൾ പ്രകാരം ഇന്ത്യയിൽ നടക്കുന്ന ആത്മഹത്യകളിൽ 70.71 ശതമാനവും പുരുഷ ആത്മഹത്യകളാണ്. എന്നാൽ കേരളത്തിൽ ആത്മഹത്യ ചെയ്യുന്നത് 77.29 ശതമാനവും പുരുഷന്മാരാണെന്ന് കാണാം.




കൂടാതെ ഇന്ത്യയിലെ 6.05 ശതമാനം പുരുഷ ആത്മഹത്യകളും നടക്കുന്നത് 2.7 ശതമാനം മാത്രം ജനസംഖ്യയുള്ള, സ്ത്രീ ജനസംഖ്യ കൂടുതലുള്ള സംസ്ഥാനത്തിലാണ് എന്നത് കേരളത്തിൽ പുരുഷമാനസികാരോഗ്യം ഇന്ത്യൻ ശരാശരിയെക്കാൾ കുറവാണ് എന്ന നിഗമനം ശരിവയ്ക്കുന്നു. സ്ത്രീ ആത്മഹത്യാനിരക്ക് കേരളത്തിന്റെ ജനസംഖ്യാനുപാതിക നിരക്കിനേക്കാൾ (2.7) കൂടുതലാണെങ്കിലും (4.33%) പുരുഷന്മാരുടെ അവസ്ഥ സ്ത്രീകളുടേതുവച്ച് കൂടുതൽ പരിതാപകരമാണെന്ന് കാണാം. ഇവയൊക്കെ ചേർത്തുവായിക്കുമ്പോൾ ലഭ്യമാവുന്ന വസ്തുതകൾ ഇവയാണ്. കേരളത്തിന്റെ മാനസിക ആരോഗ്യനില ഇന്ത്യൻ ശരാശരിയേക്കാൾ കുറവാണ്. ഇതിൽ തന്നെ പുരുഷന്മാരുടെ അവസ്ഥ കൂടുതൽ പരിതാപകരമാണ്. കേരളത്തിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളുടെ നിരക്ക് (55.1) ഇന്ത്യൻ ശരാശരിയേക്കാൾ (56.5) കുറവാണ്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കേരളത്തിൽ കൂട്ടതലാണെന്ന് പറയാൻ കഴിയില്ല. പുരുഷമാനസികാവസ്ഥ വളരെയധികം മോശമായ ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഭർത്താവും വീട്ടുകാരും നടത്തുന്ന അതിക്രമമാണ് 30 ശതമാനത്തോളം വരുന്ന സ്ത്രീപീഡനങ്ങൾ. ഒരു വികസിത സമൂഹത്തിൽ കാണേണ്ട ഉയർച്ച പല കാര്യങ്ങളിലും കേരളത്തിൽ കാണുന്നുണ്ടെങ്കിലും സ്ത്രീകൾക്കെതിരെ നടക്കുന്ന കുടുംബ ബാഹ്യ ആക്രമണങ്ങൾ കുറയുന്നുണ്ടെങ്കിലും കുടുംബത്തിനകത്ത് സ്ത്രീകൾ സുരക്ഷിതരല്ലാത്ത ഒരവസ്ഥ നിലനിൽക്കുന്നതെന്തുകൊണ്ടെന്ന് ആലോചിക്കേണ്ടതുണ്ട്. ഇവിടെയാണ് സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടേണ്ടത്. രാഷ്ട്രീയവും സാമൂഹികവുമായ ശാക്തീകരണം ഉണ്ടാവണമെങ്കിൽ തന്നെ പ്രധാനമായും ഉണ്ടാവേണ്ട ഒന്നാണ് സാമ്പത്തിക ശാക്തീകരണം. സാമ്പത്തികമായ സ്വാശ്രയത്വം, ഭയരഹിതമായി ജീവിക്കാനുള്ള അവസ്ഥ, ആക്രമിക്കപ്പെടുമെന്ന തോന്നലുണ്ടായാൽ സുരക്ഷിതമായ ഇടങ്ങളിലേക്ക് മാറി ജീവിക്കാനുള്ള അവകാശവും സഹായവും ജോലി തേടിപ്പോകാനും നല്ല ജോലികൾക്ക് വേണ്ടി ശ്രമിക്കാനും അവസരമുണ്ടാവുക, ഒറ്റയ്ക്ക് താമസിക്കുന്ന ചെറിയ കുട്ടികളുള്ളവരോ ഗർഭിണികളോ ആയ സ്ത്രീകൾക്ക് സുരക്ഷിതമായ താമസസൗകര്യവും ജീവനോപാധിയും ലഭ്യമാകാനുള്ള സഹായം ഇവയുടെയൊക്കെ അപര്യാപ്തത പലപ്പോഴും അക്രമങ്ങളിലേക്കും കൊലപാതകങ്ങളിലേക്കും നയിക്കും.

കേരളത്തിന്റെ മാനസിക ആരോഗ്യനില ഇന്ത്യൻ ശരാശരിയേക്കാൾ കുറവാണ്. ഇതിൽ തന്നെ പുരുഷന്മാരുടെ അവസ്ഥ കൂടുതൽ പരിതാപകരമാണ്. കേരളത്തിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളുടെ നിരക്ക് (55.1) ഇന്ത്യൻ ശരാശരിയേക്കാൾ (56.5) കുറവാണ്.

പട്ടിക: 5 സ്ത്രീ സുരക്ഷയ്ക്ക് വേണ്ടിയുള്ള സർക്കാർ പ്രോഗ്രാമുകൾ

| പരിപാടി | ആർക്കുവേണ്ടി | എന്ത് സഹായം |
|---|---|---|
| നിർഭയ | ഇര | ഹ്രസ്വകാല താമസസൗകര്യം |
| കാതോർത്ത് | കൗൺസിലിങ്, നിയമസഹായം, പോലീസ് സഹായം എന്നിവ ആവശ്യമുള്ള സ്ത്രീകൾക്ക് | കൗൺസിലിങ്, നിയമസഹായം |
| ആശ്വാസനിധി | ഇര (POCSO) | സമ്പത്തികസഹായം |
| ഭൂമിക | ഇര | സാമൂഹികവും മാനസികവുമായ കൈത്താങ്ങ് |
| സ്നേഹിത | സ്ത്രീ /ഇര | ഹ്രസ്വകാല താമസസൗകര്യം, കൗൺസിലിങ് |
| SOS മോഡൽ ഹോം ഫൊർ പൊക്സൊ | അതിജീവിത | 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കു സംരക്ഷണം |
| വൺ സ്റ്റോപ്പ് സെന്റർ | ഇര | ഹ്രസ്വകാല താമസസൗകര്യം |
| അപരാജിത | സ്ത്രീ/ഇര | ഓൺലൈൻ പ്രശ്നപരിഹാര മാർഗ്ഗം |
| മിത്ര ഹെൽപ്പ് ലൈൻ | സ്ത്രീ | ഇരുപത്തിനാലു മണിക്കൂറുമുള്ള സഹായഹസ്തം. |

പട്ടിക: 5-ൽ കൊടുത്ത എല്ലാ സർക്കാർ പ്രോഗ്രാമുകളിലും ലക്ഷ്യംവയ്ക്കുന്ന ഉണഭോക്താക്കൾ ഇരയാക്കപ്പെട്ടവരാണെന്ന് കാണാം. മാനസികാരോഗ്യം നഷ്ടപ്പെട്ട പുരുഷന്മാരെ (അക്രമികൾ ആവാൻ സാധ്യതയുള്ളവരെ) തിരിച്ചറിഞ്ഞു ചികിത്സിക്കാനും അക്രമത്തെ തടയാനും പരിപാടികൾ നമ്മൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. ഭർത്താവും വീട്ടുകാരും നിരന്തരം പീഡിപ്പിച്ച് അതിന്റെ ഭാഗമായി ജീവൻ നഷ്ടപ്പെട്ട എല്ലാ പെൺകുട്ടികളും കൊല്ലപ്പെടുന്നതിനോ ആത്മഹത്യ ചെയ്യുന്നതിനോ മുമ്പുതന്നെ വീട്ടുകാരോടും പൊലീസിനോടും തങ്ങളുടെ പ്രശ്നങ്ങൾ പറയുകയും രക്ഷപ്പെടുത്തണം എന്ന് അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു എന്ന് നമുക്ക് കാണാൻ കഴിയും.

## സ്ത്രീശാക്തീകരണത്തിന് കാണാപ്പുറങ്ങൾ

നമ്മുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ പ്രധാന മുദ്രാവാക്യം ദാരിദ്ര്യ നിർമാർജനം സ്ത്രീകളിലൂടെ എന്നതായിരുന്നു. എന്തുകൊണ്ടാണ് ഈ മുദ്രാവാക്യം മുന്നോട്ടുവച്ചത് എന്നത് പരിശോധിക്കേണ്ടത് അനിവാര്യമാണ്. രണ്ടായിരത്തിൽ യുഎൻ അംഗീകരിച്ച Millennium Development goals ഒരു പ്രധാനലക്ഷ്യമായി മുന്നോട്ടുവച്ചത് സ്ത്രീ ശാക്തീകരണമായിരുന്നു എന്ന് നമുക്കറിയാം. ശാക്തീകരണത്തിന്റെ പ്രധാനലക്ഷ്യം ദാരിദ്ര്യനിർമാർജനമായിരുന്നു. എന്തുകൊണ്ടാണ് ദാരിദ്ര്യനിർമാർജനം സ്ത്രീകളിലൂടെ നടത്താൻ തീരുമാനിച്ചത്? അതിനുള്ള പ്രധാനകാരണം ലോകത്തിലെ ദരിദ്രരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ് എന്നതുകൊണ്ടും പുരുഷന്മാരുടെ കയ്യിൽ ലഭിക്കുന്ന വരുമാനം വ്യക്തിപരമായ ഇഷ്ടങ്ങൾക്കുവേണ്ടി ചെലവഴിക്കുമ്പോൾ സ്ത്രീകൾ അവരുടെ വരുമാനം കുടുംബത്തിലെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കുന്നു എന്നതിനാൽ സ്ത്രീകളെ ശക്തരാക്കിക്കൊണ്ട് നമുക്ക് ദാരിദ്ര്യനിർമാർജനം ചെയ്യാം എന്നതായിരുന്നു. സാമ്പത്തിക ഉന്നമനം ഉണ്ടാക്കുന്നതിലൂടെ അതിക്രമങ്ങളും ഇല്ലാതാക്കാൻ കഴിയും. ഇതായിരുന്നു നമ്മുടെ തന്ത്രം. പക്ഷേ, ഇവിടെ പ്രധാനമായും മറന്നുപോയ വസ്തുത സ്ത്രീകൾ എന്തുകൊണ്ട് ദരിദ്രരായി എന്ന ചോദ്യമാണ്. ഈ ചോദ്യത്തിന് ഉത്തരമായി ഉയർത്തിക്കാട്ടപ്പെട്ടത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തക്കുറവ്, അവരുടെ കൈവശസ്വത്തിലുള്ള കുറവ് എന്നിവയാണ്. തൊഴിൽ പങ്കാളിത്തക്കുറവിന്റെ പ്രധാന കാരണം സ്ത്രീകളുടെ കാണാപണിയാണെന്ന വസ്തുതയെ കണക്കാക്കാതെയാണ് പലപ്പോഴും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നമ്മൾ ആസൂത്രണം ചെയ്തത്. നമ്മുടെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ യഥാർഥത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് കുറയ്ക്കാനാണോ സഹായിച്ചത് എന്ന് വിമർശനാത്മകമായി വിലയിരുത്തേണ്ടതുണ്ട്. ലോകമെമ്പാടുമുള്ള സ്ത്രീകൾ എന്തുകൊണ്ടാണ് അകം പണികളിൽ കൂടുതൽ വ്യാപൃതരായിരിക്കുന്നതും പുരുഷന്മാർ പുറം പണികളിൽ കൂടുതൽ പങ്കെടുക്കുന്നതും എന്ന ചോദ്യത്തിന്റെ ഉത്തരം ഏതെങ്കിലും ഒരു സിദ്ധാന്തത്തിന്റെ പിൻബലത്തിൽ മാത്രം നൽകാനാവില്ല. മനുഷ്യരുടെ ജീവശാസ്ത്രപരമായ പ്രത്യേകതയും അവരുടെ ജീവിതത്തിൽ പരിചരണ തൊഴിലിന്റെ പ്രാധാന്യവും വ്യത്യസ്തമായ സാമ്പത്തിക സാംസ്കാരിക ഘടകങ്ങളും ഒരു കമ്പോള സമ്പദ്‌വ്യവസ്ഥയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കണമെങ്കിൽ കൂടുതൽ വിശാലമായ സൈദ്ധാന്തിക അടിത്തറയോടുകൂടി വിശകലനം നടത്തേണ്ടതുണ്ട്. എന്തുകൊണ്ടാണ് പുരുഷ

**ലോകമെമ്പാടുമുള്ള സ്ത്രീകൾ എന്തുകൊണ്ടാണ് അകം പണികളിൽ കൂടുതൽ വ്യാപൃതരായിരിക്കുന്നതും പുരുഷന്മാർ പുറം പണികളിൽ കൂടുതൽ പങ്കെടുക്കുന്നതും എന്ന ചോദ്യത്തിന്റെ ഉത്തരം ഏതെങ്കിലും ഒരു സിദ്ധാന്തത്തിന്റെ പിൻബലത്തിൽ മാത്രം നൽകാനാവില്ല.**

> നമ്മൾ സ്ത്രീ ശാക്തീകരണ പ്രവർത്തനത്തിലൂടെ സൃഷ്ടിക്കാൻ ശ്രമിച്ച തൊഴിലവസരങ്ങൾ സ്വയംതൊഴിൽ മേഖലയിലായിരുന്നു എന്ന്. എന്നാൽ തൊഴിൽ പങ്കാളിത്തത്തിൽ ഉയർച്ച ഉണ്ടായത് സ്ഥിരജോലിക്കാരുടെ എണ്ണത്തിലാണെന്ന് കണക്കുകൾ കാണിക്കുന്നു

ന്മാർ അവരുടെ പണം കുടുംബത്തിനകത്ത് അല്ലാതെ സ്വന്തം താൽപ്പര്യത്തിനനുസരിച്ച് ചെലവഴിക്കുന്നതെന്നും എന്തുകൊണ്ടാണ് അവർ അക്രമികളാവുന്നതെന്നും പഠിക്കുന്നതിനു പകരം സ്ത്രീകളെ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയും പുരുഷന്മാരെ കൂടുതൽ ഉത്തരവാദിത്വം ഇല്ലാത്തവരാക്കി മാറ്റുകയും അവരെ പൊതുധാരയിൽനിന്നും മാറ്റി നിർത്താനും കൂടുതൽ സ്വാർഥരാവാനും പ്രേരിപ്പിക്കുന്ന തരത്തിലാണ് നമ്മുടെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. വീട്ടകങ്ങളിലെ ഒഴിവാക്കാൻ കഴിയാത്ത ഉൽപ്പാദന/പരിചരണ/സേവന പ്രവർത്തനങ്ങൾക്ക്, ആവശ്യമായ പ്രാധാന്യം നൽകാതെയുള്ള സ്ത്രീശാക്തീകരണപ്രവർത്തനമായിരുന്നു ഏറ്റവും വലിയ ദൗർബല്യം. ഉൽപ്പാദനക്ഷമത ഏറെയുള്ള വിദ്യാസമ്പന്നരായ സ്ത്രീകളെ പൂർണമായും മാറ്റി നിർത്തിക്കൊണ്ട് കുടുംബിനികളെ മാത്രം ശാക്തീകരിക്കാൻ എടുത്ത തീരുമാനം തെറ്റായിരുന്നു എന്ന് തൊഴിൽ പങ്കാളിത്തത്തിലും ലിംഗാടിസ്ഥാനത്തിലുള്ള വേതന വ്യത്യാസത്തിലും അതിക്രമങ്ങളുടെ സ്വഭാവത്തിലുമൊക്കെ യുള്ള നിരാശാജനകമായ പ്രകടനത്തിൽനിന്നും വ്യക്തമാണ്.

പട്ടിക: 6-ൽ കൊടുത്തിരിക്കുന്ന കണക്കുകൾ കാണിക്കുന്നത് തൊഴിൽ പങ്കാളിത്ത നിരക്കിൽ നാം പ്രതീക്ഷിച്ച ഒരു മാറ്റം കഴിഞ്ഞ പത്തിരുപത് വർഷംകൊണ്ട് ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നാണ്. 1999-ൽ 15.7 ശതമാനമായിരുന്ന തൊഴിൽ പങ്കാളിത്തം 2017-ൽ 16.4 ആയിട്ടാണ് മാറിയത്. എന്നാൽ 2019-ൽ ഈ നിരക്ക് 22.4 ശതമാനമായതായി കാണിക്കുന്നു. തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായ നോട്ടു നിരോധനം GST, പ്രളയം നിപ്പ തുടങ്ങി മനുഷ്യ നിർമിതവും അല്ലാത്തതുമായ സാമ്പത്തിക പ്രതിസന്ധികളിലൂടെ കടന്നുപോകമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ കാണിക്കുന്ന ഉയർച്ച സ്ത്രീ ശാക്തീകരണത്തിന്റേതാവാൻ ഒരിക്കലും തരമില്ല. സമാനമായ ഒരുയർച്ച ഇന്ത്യൻ കണക്കുകളിലും കാണാം. ഈ ഉയർച്ച ദാരിദ്ര്യത്തിന്റെയും നിവൃത്തികേടിന്റെയും സൃഷ്ടിയാണ് എന്ന് പറയേണ്ടിവരും. അല്ലാതുള്ള ഒരു വളർച്ച നിർമിക്കാൻ കഴിയുന്ന ഒരു സാമ്പത്തികഘടകവും - ദാരിദ്ര്യമല്ലാതെ - ഇന്ത്യൻ അവസ്ഥയിൽ ഇല്ലായിരുന്നു എന്നത് വസ്തുതയാണ്.

കൂടാതെ നമുക്കറിയാം നമ്മൾ സ്ത്രീ ശാക്തീകരണ പ്രവർത്തനത്തിലൂടെ സൃഷ്ടിക്കാൻ ശ്രമിച്ച തൊഴിലവസരങ്ങൾ സ്വയംതൊഴിൽ മേഖലയിലായിരുന്നു എന്ന്. എന്നാൽ തൊഴിൽ പങ്കാളിത്തത്തിൽ ഉയർച്ച ഉണ്ടായത് സ്ഥിരജോലിക്കാരുടെ എണ്ണത്തിലാണെന്ന് കണക്കുകൾ കാണിക്കുന്നു (പട്ടിക 7). അതായത് വിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിലുണ്ടായ മാറ്റമാണ് നേരിയ തോതിലെങ്കിലും തൊഴിൽ പങ്കാളിത്തനിരക്ക് കൂട്ടിയത്. ഇവിടെ ഇതിന്റെ കൂടെ ചേർത്തുവയ്ക്കേണ്ട ഒരു വസ്തുത വിദ്യാസമ്പന്നരായ സ്ത്രീകൾക്ക് ഉൽപ്പാദനക്ഷമമായ തൊഴിലവസരങ്ങൾ തപ്പിപോകാനോ അങ്ങനെ സ്ത്രീ പുരുഷ വേതന വ്യത്യാസത്തെ കുറയ്ക്കാനോ കഴിഞ്ഞിട്ടില്ലെന്നതും ആയതിനാൽത്തന്നെ ഇന്ത്യൻ ശരാശരിയേക്കാൾ മോശമായ വിവേചനം അനുഭവിക്കേണ്ടിവരുന്നു എന്നതും വസ്തുതയാണ്.

ഇതിന് കാരണം, പ്രായമായവർ, കുട്ടികൾ, അസുഖ ബാധിതർ എന്നിവരെ പരിചരിക്കാനുള്ള ഉത്തരവാദിത്വം പൂർണഅർഥത്തിൽ സ്ത്രീകൾക്ക് ഏറ്റെടുക്കേണ്ടിവരുന്നുവെന്നും ആയതിനാൽ തന്നെ പുറംജോലി ചെയ്യുന്ന സ്ത്രീകൾ പുരുഷനെ അപേക്ഷിച്ച് കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരുന്നതായും (കൂലി ലഭിക്കാത്ത അകം പണിയും കൂലി ലഭിക്കുന്ന പുറം പണിയും) അത് അവരുടെ വിശ്രമ സമയത്തെ കാര്യമായി ബാധിക്കുന്നതായും പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ പരമ്പരാഗതമായി സ്ത്രീകൾ ചെയ്തുകൊണ്ടിരുന്ന വീടെന്ന തൊഴിലിടത്തെ കമ്പോളവൽക്കരിക്കുകയും അത് ആകർഷകമായ തൊഴിൽസാധ്യതയാക്കി മാറ്റുകയും ചെയ്തിരുന്നെങ്കിൽ കുറഞ്ഞ വിദ്യാഭ്യാസം ലഭിച്ച ദരിദ്രരായ

പട്ടിക: 6

തൊഴിൽ പങ്കാളിത്ത നിരക്ക് കേരളത്തിലും ഇന്ത്യയിലും

| Item | Kerala | | | | | India | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1999 | 2004 | 2017 | 2018 | 2019 | 1999 | 2004 | 2017 | 2018 | 2019 |
| WPR | 15.7 | 17.1 | 16.4 | 20.4 | 22.4 | 20.2 | 21.5 | 16.5 | 17.6 | 21.8 |

Source: Economic survey 2021

പട്ടിക: 7

തൊഴിൽ ഘടനയിൽ വന്ന മാറ്റം(ശതമാനം)

| ഇനം | 1999 | 2004-05 | 2019-20 |
|---|---|---|---|
| സ്വയംതൊഴിൽ | 32.1(7.4)* | 35.5(9.7)* | 39.4(12)* |
| സ്ഥിരവരുമാനം | 28.4 | 32.3 | 44.3 |
| കൂലി പണി | 39.5 | 32.3 | 16.3 |

Source: Economic survey 2021

*കൂലിയില്ലാത്ത സ്വയം തൊഴിൽ വീട്ടു തൊഴിലാളി.

സ്ത്രീകൾക്ക് കൂടുതൽ ഉൽപ്പാദനക്ഷമമായ സുസ്ഥിര തൊഴിൽ അവസരമായി അത് നിലനിൽക്കുകയും വിദ്യാസമ്പന്നരായ സ്ത്രീകൾക്ക് കൂടുതൽ കമ്പോള തൊഴിൽ സാധ്യതകളിലേക്ക് മാറാനും കഴിയുമായിരുന്നു. മാത്രവുമല്ല വിദ്യാസമ്പന്നരായ സ്ത്രീകൾ കൂടുതൽ ഉൽപ്പാദന ക്ഷമമായ തൊഴിൽ മേഖലയിൽ ഇടപെടാൻ തുടങ്ങുമ്പോൾ. ദരിദ്രരായ, വിദ്യാഭ്യാസം കുറഞ്ഞ സ്ത്രീകൾക്ക് ഉയർന്ന വേതനവും തൊഴിൽ സാധ്യതകളും വർധിക്കുകയും ചെയ്യും. സ്ത്രീ ശാക്തീകരണത്തിന്റെ പേരിൽ ചെലവഴിച്ച പണത്തിന്റെ വളരെ ചെറിയൊരംശം ഉണ്ടായിരുന്നെങ്കിൽ പരിചരണ തൊഴിലാളികൾക്ക് ദരിദ്രരെ സേവിക്കുന്നതിനുള്ള പ്രതിഫലമായി നൽകാനും കുറച്ചുകൂടി നല്ല രീതിയിൽ ഇവിടുത്ത വയോജനങ്ങൾക്കും മാനസികവും ശാരീരികവും ബുദ്ധിപരവുമായി വെല്ലുവിളികൾ അനുഭവിക്കുന്നവർക്കും മനുഷ്യരെപ്പോലെ ജീവിക്കാനും കുട്ടികൾക്ക് അവരുടെ ശൈശവം നല്ല രീതിയിൽ ചെലവഴിക്കാനും കഴിവും ആരോഗ്യവുമുണ്ടായിട്ടും വീട്ടിലെ പാത്രം കഴുകാൻ വിധിക്കപ്പെട്ട് മാനസികാരോഗ്യം തകർന്ന് ആത്മഹത്യയ്ക്കും ഭ്രാന്തിനും ഇടയിലൂടെ കടന്നു പോയ/ പോകുന്ന സ്ത്രീകൾക്ക് ആശ്വാസമാകാനും കഴിയുമായിരുന്നു. പക്ഷേ, ഇന്നും സ്ത്രീകളെ ഒരു ശരീരമായി മാത്രം കാണാൻ കഴിയുന്ന ഒരു സമൂഹത്തിൽ നിന്ന് ഇത്തരം ഒരു കാൽവയ്പും ഉണ്ടായിട്ടില്ല എന്നതാണ് സത്യം. പുരുഷന്മാരെ കുറേക്കൂടി ശാക്തീകരിച്ച് സമൂഹത്തിൽ കാലങ്ങളായി അടിഞ്ഞുകൂടിയ പുരുഷാധികാര സമൂഹത്തിന്റെ ആശയതലത്തിൽനിന്ന് രക്ഷപ്പെടുത്തി കുറേക്കൂടി നല്ല മനുഷ്യരാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ കുട്ടിക്കാലം മുതലേ പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടിയിരുന്നു. സ്നേഹിക്കാനും പരിചരിക്കാനും ഭക്ഷണം പാചകം ചെയ്യാനും വിളമ്പിക്കൊടുക്കാനും അലക്കാനും അടിച്ചുവാരാനുമൊക്കെ കുഞ്ഞുനാളിലേ ലിംഗവ്യത്യാസമില്ലാതെ പരിശീലിപ്പിച്ചിരുന്നെങ്കിൽ കുടുംബത്തിനകത്തെ ക്രൂരത ഒരു പരിധിവരെ നമുക്ക് കുറയ്ക്കാൻ കഴിയുമായിരുന്നു. എന്നാൽ വിഭാഗീയമായ ശാക്തീകരണപ്രവർത്തനങ്ങൾ മേൽപ്പറഞ്ഞ പുരുഷന്മാരെ കൂടുതൽ അക്രമികളും മനോരോഗികളുമാക്കി മാറ്റുകയാണ് ചെയ്തത്. ഇവിടെയാണ് ഓരോ പ്രദേശത്തിലെയും സാമൂഹിക സാമ്പത്തിക വ്യത്യസ്തകൾ മനസ്സിലാക്കിയുള്ള നയങ്ങൾ പ്രസക്തമാവുന്നത്. കേരളം സാമ്പത്തികമായി ശക്തി പ്രാപിച്ച് സാമൂഹികമാറ്റത്തിൽ എത്തിച്ചേർന്ന ഒരു സംസ്ഥാനമല്ല. സാമൂഹികവളർച്ചയുടെ ഭാഗമായി മനുഷ്യവിഭവ കയറ്റുമതിയിലൂടെ സാമ്പത്തികശക്തിയായി ഉയർന്നു വരുന്ന ഒരു സംസ്ഥാനമാണ്. ആയതിനാൽ നമ്മുടെ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച വ്യക്തികൾക്ക് സ്വന്തം തൊഴിലവസരങ്ങൾ സ്വയം നിർമിച്ച് അതിൽ ഏർപ്പെടേണ്ടിവരും. പുരുഷനെ "പ്രൈമറി ബ്രഡ് വിന്നറായി" കാണുന്ന ഒരു സമൂഹത്തിൽ വിദ്യാഭ്യാസത്തിലൂടെ കിട്ടിയ അറിവിന്റെ ഭാഗമായി കുട്ടികളുടെയും പ്രായമായവരുടെയും പരിചരണവും വൃത്തിയും വെടിപ്പും ആരോഗ്യകരമായ ഭക്ഷണശീലവുമൊക്കെ വേണമെന്ന് മനസ്സിലാക്കിയ ഒരു സമൂഹം പൊതുവേ അത്തരം പണികൾ എടുക്കാനായി സ്ത്രീയെ ഏൽപ്പിക്കുമെന്നും ആ പണികളിൽ ഏർപ്പെട്ടുകൊണ്ട് കിട്ടാവുന്ന ഉത്തരവാദിത്വം കുറഞ്ഞ പണികളേ സ്ത്രീകൾക്ക് ഏറ്റെടുക്കാൻ കഴിയൂ എന്നും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

> എന്തുകൊണ്ടാണ് ദാരിദ്ര്യനിർമാർജ്ജനം സ്ത്രീകളിലൂടെ നടത്താൻ തീരുമാനിച്ചത്? അതിനുള്ള പ്രധാന കാരണം ലോകത്തിലെ ദരിദ്രരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ് എന്നതുകൊണ്ടും പുരുഷന്മാരുടെ കയ്യിൽ ലഭിക്കുന്ന വരുമാനം വ്യക്തിപരമായ ഇഷ്ടങ്ങൾക്കുവേണ്ടി ചെലവഴിക്കുമ്പോൾ സ്ത്രീകൾ അവരുടെ വരുമാനം കുടുംബത്തിലെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കുന്നു എന്നതിനാൽ സ്ത്രീകളെ ശക്തരാക്കിക്കൊണ്ട് നമുക്ക് ദാരിദ്ര്യനിർമാർജനം ചെയ്യാം എന്നതായിരുന്നു.

## എന്താണ് പരിഹാരം?

കുട്ടികളെ സുരക്ഷിതമായി നോക്കുന്നതിന് ഏൽപ്പിക്കാൻ കഴിയുന്ന, വീട്ടിലെ അംഗങ്ങൾക്ക് വീട്ടിൽ നിർമിച്ചതരം ഭക്ഷണം കുറഞ്ഞചെലവിൽ എത്തിക്കാൻകഴിയുന്ന, പ്രായമായവരെ പരിചരിക്കാൻ അറിയുന്ന പരിശീലനം സിദ്ധിച്ച ജോലിക്കാരെ കുറഞ്ഞചെലവിൽ ലഭിക്കാൻകഴിയുന്ന, ഒറ്റക്ക് താമസിക്കാൻ കുറഞ്ഞ ചെലവിൽ വീടുകൾ ലഭിക്കുന്ന ഒരു കാലത്ത് മാത്രമേ കേരളത്തിലെ സ്ത്രീകൾക്ക് ഗുണനിലവാരമുള്ള തൊഴിൽ തേടി പോകാനും ലാഭകരമായ സ്വയംതൊഴിലിൽ ഏർപ്പെടാനും കഴിയൂ. പരിചരണ തൊഴിൽ മേഖലയിലേക്ക് കുറഞ്ഞ വിദ്യാഭ്യാസം ഉള്ള, പ്രത്യേകിച്ച് സ്കില്ലുകൾ നേടാത്ത സ്ത്രീകളെ മാന്യമായ ശമ്പളത്തിൽ ആവശ്യമായ സാങ്കേതികസഹായവും സാമ്പത്തികസഹായവും ചെയ്തുകൊടുത്ത് തിരിച്ചുവിടുകയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കഴിവും നൈപുണ്യവുമുള്ള യുവതികളെയും യുവാക്കളെയും കൂട്ടിച്ചേർത്ത് സ്വയം തൊഴിൽ ചെയ്യാൻ അവസരമൊരുക്കി വീട്ടുകാരുടെയും നാട്ടുകാരുടെയും മുന്നിൽ തലയുയർത്തി ജീവിക്കാൻ സഹായിക്കുകയും ചെയ്യുമ്പോഴേ സുസ്ഥിരമായ വികസന പന്ഥാവിലേക്ക് കേരളത്തിന് നടന്നടുക്കാൻ കഴിയൂ.

## പൂർവ പഠനങ്ങൾ:


- Joseph, J., Hari Sankar, D. & Nambiar, D. The burden of mental health illnesses in Kerala: a secondary analysis of reported data from 2002 to 2018. BMC Public Health 21, 2264 (2021). https://doi.org/10.1186/s12889-021-12289-0
- Rodrigo R. Soares,Crime Reporting as a Measure of Institutional Development, Economic Development and Cultural Change Volume 52, Number 4 ; University of Chicago.
- GoK, Economic Review 2021
- GoI, Periodic Labour survey report 2021.
- Mallika M G(2012), " Labour Market Dynamics of Kerala"; PhD thesis, Kannur University.



*(ഡോ. മല്ലിക എം.ജി., അസോസിയേറ്റ് പ്രൊഫസർ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല - 8547533474)*